Minister for Industries, Excise & Local Self-Government **(Sri. N. Kunjuraman):**

(*a*) Yes.

(*b*) 22.

(*c*) Since there are Village Unions and Panchayats in these places the Village Uplift Committees were dissolved to avoid duplication of expenditure.

(*d*) No.

MOTOR FACTORY

*183. [35] **Sri. E. P. Poulose:** Will the Hon'ble Minister for Industries, Excise and Local Self-Government be pleased to state.—

(*a*) whether any steps have been taken towards the opening of a motor factory as proposed last year;

(*b*) if so when will the factory be completed?

Minister for Industries, Excise & Local Self-Government **(Sri. N. Kunjuraman):**

(*a*) Yes.

(*b*) Orders have been placed for the import of some of the products of the foreign factory. When they are received and examined here, a decision will be taken on the further steps to be adopted.

പട്ടികജാതി വിദ്യാത്ഥികൾ

*ക വ ൪. (ന ന) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പട്ടികജാതിയിൽപെട്ട വിദ്യാത്ഥികൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളെല്ലാം എല്ലാ സ്കൂളുകളിലും കൊടുത്തുകഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ ഇനി ഏത്ര സ്കൂളുകളിൽ കൊടുക്കുവാനുണ്ട്;

(സി) ആനുകൂല്യങ്ങൾ കൊടുത്തവസാനിപ്പിക്കുവാൻ ഇത്ര കാലതാമസം വരുത്തുവാനുണ്ടായ കാരണമെന്താണെന്ന് പറയാമോ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഇല്ല.

(ബി ഉദ്ദേശം ക ൦ ൦ സ്കൂളുകളിൽ ഗ്രാൻറ് കൊടുക്കുവാനുണ്ട്.

(സി) ഇതിനു് പല കാരണങ്ങളുമുണ്ട്. അവയിൽ ചിലതു്, സ്കൂളുകളിൽനിന്നു് ബില്ല കിട്ടുവാനുള്ള താമസം, ബില്ലുകളിലുള്ള തെറ്റുകൾ തിരുത്തി കിട്ടാനുള്ള താമസം ഇവയാണു്.

പഞ്ചായത്തു അത്തിയിലുള്ള ജോലികൾ

*ക വ ൫. (ന ൭) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊടുങ്ങല്ലൂരിലും എടവിലങ്ങിലും ൫ ൦–൫ ക-ൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടായിരുന്ന വേലകളിൽ ഏതൊക്കെ പൂർത്തിയായി;

(ബി) പൂർത്തിയാവാതെ നടന്നുകൊണ്ടിരിക്കുന്ന വേലകൾ ഏതൊക്കെയാണു്;

(സി) ആരംഭിച്ചിട്ടില്ലാത്ത വേലകൾ ഏതൊക്കെയെന്നും അതിനു കാരണം എന്താണെന്നും സദയം പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണുരാമൻ): (എ) കൊട്ടങ്ങല്ലൂരിൽ പാലം പണി. എടവിലങ്ങു് പഞ്ചായത്തിൽ റോഡു സംരക്ഷണ ജോലിയും കിണർ നന്നാക്കലും.

(ബി) കൊട്ടങ്ങല്ലൂർ പഞ്ചായത്തിൽ റോഡു സംരക്ഷണജോലി.

(സി) കൊട്ടങ്ങല്ലൂർ പഞ്ചായത്തു്

എ. മോഡൽ പഞ്ചായത്തു റോഡു് നന്നാക്കൽ. അകപിസിഷൻ നടപടികൾ പൂർത്തിയാകാത്തതുകൊണ്ടു്.

ബി. ശൃംഗപുരത്തു് കിണർ. കിണർ കഴിക്കുവാനുള്ള സ്ഥലം തീർച്ചയാകാത്തതുകൊണ്ടു്.

സി. ഞനാപ്പുഴ കുളം. ഈ കുളത്തിനുള്ള സംഖ്യ പഞ്ചായത്തിന്റെ അഭിപ്രായപ്രകാരം വേറെ പുതിയ ജോലികൾക്കായി മാറിവെച്ചിരിക്കുന്നു.

എടവിലങ്ങു പഞ്ചായത്തു്

തോട്ട താഴ്ത്തൽ. ഭൂമി അകപിസിഷൻ നടപടികൾ പൂർത്തിയാകാത്തതുകൊണ്ടു്.

ഉപഷാപ്പുകൾ

*ക്വ ന്യ. (സ. സ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഉപഷാപ്പുകൾ അനുവദിക്കുന്ന നയം ഗവണ്മെണ്ടു് അംഗീകരിച്ചിട്ടുണ്ടോ;

(ബി) കുന്നത്തുനാടു താലൂക്കിൽ കോതകുളങ്ങരപ്പുകുതി ഭാഗം കരയിൽ വല്ല ഉപഷാപ്പുകളും അനുവദിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്തു് ചില ദിവസങ്ങളിൽ ഉപഷാപ്പു് ഉണ്ടാകുവാനും ചില ദിവസം ഇല്ലാതാകുവാനും കാരണം എന്തു്;

(ഡി) ഉപഷാപ്പുകൾ അനുവദിക്കണമെന്നുകാണിച്ചു് വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പു് മന്ത്രി (ശ്രീ. എൻ. കണ്ണുരാമൻ): (എ) ഇല്ല.

(ബി) ഇല്ല.

(സി) ബിയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ലഭിച്ചിട്ടുണ്ടു്.

പബ്ലിക്കു് കാര്യ ആഫീസു്

*ക്വ ഒ. (ര ം) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കഴിഞ്ഞ ഒരു കൊല്ലത്തിനകം പബ്ലിക്കു് കാര്യ ആഫീസിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്;

(ബി) അതിൽ എത്ര എണ്ണം അനുവദിച്ചു; അവ ഏതെല്ലാം?

പൊതുമരാമത്തും, ഗതാഗതവും കൃഷിയും വകുപ്പു് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) & ബി) പബ്ലിക്കു് കാര്യ ആഫീസുകൾ തുറക്കുന്നതിനായി മൂന്നു അപേക്ഷകൾ ലഭിച്ചിട്ടുണ്ടായിരുന്നു. അവയെല്ലാം ടെലിഫോൺ അധികൃതരോടു് അപേക്ഷിക്കാനായി മറുപടി കൊടുത്തിട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly